"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ്
എഞ്ചിനീയറുടെ കാര്യാലയം
**(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)**
സ്വരാജ് ഭവൻ, അഞ്ചാംനില
നന്തൻകോട്, കവടിയാർ പി ഒ
തിരുവനന്തപുരം-03

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB1/6868/22/CE/LID&EW

തീയതി:14.06.2022

## സർക്കുലർ

വിഷയം :- തസ്വഭവ - തദ്ദേശസ്വയംഭരണ വകുപ്പിനു വേണ്ടി കില നേതൃത്വം നൽകുന്ന "തദ്ദേശകം" എന്ന ഓൺലൈൻ വാർത്താ ചാനലിൽ സംപ്രേക്ഷണത്തിനായി വാർത്തകൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- കില ഡയറക്ടർ ജനറലിന്റെ 29/04/2022 ലെ കില/2022/1483/HQ നമ്പർ കത്ത്.

സംസ്ഥാന സർക്കാറിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി കിലയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി "തദ്ദേശകം" എന്ന പേരിൽ ഒരു ഓൺലൈൻ വാർത്താചാനൽ 2022 മേയ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ദിവസേന ഒരു മണിക്കൂർ സംപ്രേക്ഷണം ചെയ്യുന്ന ടി ചാനലിലേയ്ക്ക് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കിയ ജനോപകാരപ്രദവും മാതൃകാപരവും നൂതനവുമായ പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ച വീഡിയോ, അടിക്കുറിപ്പ് സഹിതമുള്ള ചിത്രങ്ങൾ, വാർത്തകൾ എന്നിവ സംപ്രേക്ഷണത്തിനായി നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കിയ മേൽ പ്രസ്താവിത രീതിയിലുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്ന രീതിയിൽ thaddesakamcelsgd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

1. 3 മുതൽ 5 മിനിറ്റ് വരെയുള്ള വീഡിയോകൾ മാത്രം അയയ്ക്കേണ്ടതാണ്.
2. വീഡിയോ അതിന്റെ ക്വാളിറ്റി നഷ്ടപ്പെടാതെ അപ് ലോഡ് ചെയ്യണം.
3. വീഡിയോ ഫോർമാറ്റ് കഴിവതും MP4-ൽ ആകണം.
4. വീഡിയോ ക്വാളിറ്റി Full HD (1080P) ആയിരിക്കണം.

5. വീഡിയോ Frame Rate 24fbs, Video bitrate minimum 5MPs-ലും ലഭ്യമാക്കണം.

പൂർത്തീകരിച്ച പ്രവൃത്തികൾ കൂടാതെ സമീപ ഭാവിയിൽ ഉദ്ഘാടനത്തിനായി തയ്യാറെടുക്കുന്ന പദ്ധതികൾ സംബന്ധിച്ച വാർത്തകൾ കൂടി ഉൾപ്പെടുത്താവുന്നതാണ്.

ചീഫ് എഞ്ചിനീയർ

As/-

Given to HDS on 16/06/22